# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2519      05/11/2019-ൽ മറുപടിക്ക്

### വൈദ്യുതി കണക്ഷനുകളും കേടായ മീറ്ററുകളും

| | ചോദ്യം<br><br>**ശ്രീ.വി.ടി.ബൽറാം**<br>**,, പി.ടി. തോമസ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗാർഹിക കണക്ഷൻ, കോമേഴ്സ്യൽ കണക്ഷൻ, അഗ്രിക്കൾച്ചറൽ കണക്ഷൻ തുടങ്ങി വിവിധ വിഭാഗങ്ങളിലായി കെ.എസ്.ഇ.ബി. എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തു 2019 സെപ്റ്റംബർ മാസത്തെ കണക്ക പ്രകാരം KSEBL-നു 98,05,527 ഗാർഹിക കണക്ഷനുകളും 20,74,585 കൊമേർഷ്യൽ കണക്ഷനുകളും 1,44,194 ഇൻഡസ്ട്രിയൽ കണക്ഷനുകളും 4,78,422 അഗ്രികൾച്ചറൽ കണക്ഷനുകളും മറ്റ വിഭാഗങ്ങളിലായി 221991 കണക്ഷനുകളും നിലവിലുണ്ട്. |
| (ബി) | ഇതിൽ ഏതെങ്കിലും വിഭാഗത്തിന് വൈദ്യുത ചാർജ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇല്ല. നിലവിൽ സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്ഇ.ബി.ലിമിറ്റഡ് സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08.07.2019-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവു പ്രകാരം ഗാർഹികം, വാണിജ്യം, കാർഷികം മുതലായ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 08.07.2019 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ സംസ്ഥാനത്ത് എത്ര വൈദ്യുത മീറ്ററുകൾ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇതു മൂലം കെ.എസ്.ഇ.ബി.ക്ക് പ്രതിമാസം എത്ര രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നുവെന്ന് വിശദമാക്കാമോ; | (സി)<br>&<br>(ഡി) | സംസ്ഥാനത്തു നിലവിൽ 395980 മീറ്ററുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത്. മീറ്ററുകൾ കേടായിരിയ്ക്കുന്ന കാലയളവിൽ, ഉപഭോഗം കണക്കാക്കുന്നത് തൊട്ടു മുൻപുള്ള 3 ബില്ലിംഗ് സൈക്കിളുകളിലെ ഉപഭോഗത്തിന്റെ ശരാശരിയെ അടിസ്ഥാനമാക്കിയാണ്. തൊട്ടു മുൻപുള്ള 3 ബില്ലിംഗ് സൈക്കിളുകളിലെ |

| | | -2- | |
|---|---|---|---|
| (ഡി) | ഈ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | ഉപഭോഗം ലഭ്യമല്ലായെങ്കിൽ, മീറ്ററുകൾ മാറ്റി വച്ചതിനു ശേഷമുള്ള മൂന്നു ബില്ലിംഗ് സൈക്കിളുകളുടെ ശരാശരിയെ അടിസ്ഥാനമാക്കിയാണ് ഉപഭോഗം കണക്കാക്കുന്നത്. പ്രസ്തുതരീതികളിൽ കണക്കാക്കുന്ന ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്താവിന് ബിൽ നൽകുന്നത്. ഇപ്രകാരം ബിൽ ചെയ്യുന്നതുമൂലം ബോർഡിന് വരുമാന നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല.<br>കേടാകുന്ന മീറ്ററുകൾ മാറ്റുന്നതിനും പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ആവശ്യമായ വിധത്തിൽ മീറ്ററുകൾ വാങ്ങി അതാതു സെക്ഷൻ ഓഫീസുകൾക്കു ലഭ്യമാക്കികൊണ്ട് കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിലേക്കും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതിലേക്കുമായി 13 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും 1.15 ലക്ഷം ത്രീ ഫേസ് മീറ്ററുകളും വാങ്ങാനുള്ള ഓർഡറുകൾ നൽകുകയും മീറ്ററുകൾ ലഭ്യമാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. 2020 മാർച്ച് മാസത്തോടു കൂടി കേടായ മുഴുവൻ മീറ്ററുകളും മാറ്റിസ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ